**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 13** **07-06-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ രംഗത്തെ നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ ഒ . ആർ. കേളു** | | **Shri G R Anil<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം രാജ്യത്തിന് തന്നെ മാതൃകയാകുന്ന തരത്തിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | രാജ്യത്തെ പൊതുവിതരണരംഗത്ത് മാറ്റങ്ങൾക്ക് തുടക്കമിട്ടുകൊണ്ട് നടപ്പാക്കിയ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന പ്രകാരമുള്ള എല്ലാ പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. അപ്രകാരം പൊതുവിതരണ ശൃംഖലയുടെ ശാക്തീകരണത്തിന്റെ ഭാഗമായി സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം ഇ-പോസ് മെഷീൻ മുഖേന സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലെയും റേഷൻ സാധനങ്ങളുടെ വിതരണം. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി വിതരണം നടത്തി വരുന്നു. നേരിട്ട് റേഷൻ വാങ്ങാൻ പോകാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്കു വേണ്ടി അതേ എ.ആർ.ഡി പരിധിയിലുള്ള മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുവാൻ സാധിക്കും. രാജ്യത്തുടനീളം ഒരു റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങാവുന്ന വിധം IMPDS മുഖേന One Nation One Ration Card നടപ്പാക്കി. റേഷൻ വ്യാപാരികൾക്ക് കുറഞ്ഞത് പ്രതിമാസം 18000/- രൂപ കമ്മീഷൻ ലഭ്യമാക്കുന്ന പാക്കേജ്. സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചു. സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്മാരെ നിയോഗിച്ചു. |

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North) ന്റെ പരിധിയിലുള്ള 04 റേഷൻ കടകളിൽ നടത്തി. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനായി "സഞ്ചരിക്കുന്ന റേഷൻകട" എന്ന പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിച്ചു. കൂടാതെ മറ്റു ജില്ലകളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോട് കൂടിയുള്ള "വിശപ്പ് രഹിത കേരളം" എന്ന പദ്ധതി ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതിപരിഹാര സംവിധാന (Public Grievance Redressal Portal) ത്തിന്റെ പ്രവർത്തനം ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന സംവിധാനം പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും അതിൻപ്രകാരം നവീകരണം പൂർത്തിയാക്കുകയും ചെയ്തു. റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് 24 മണിക്കൂറിനകം റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാനത്ത് ഇ-റേഷൻ കാർഡിന്റെ വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചു. സംസ്ഥാനത്തെ സർക്കാർ ധനസഹായമില്ലാത്ത മഠങ്ങൾ, ആശ്രമങ്ങൾ എന്നിവയിലെ അന്തേവാസികൾക്കായി Non Priority Institution (NPI) കാർഡുകളുടെ വിതരണം ആരംഭിച്ചു. അവകാശികളില്ലാത്തതും സ്ഥിരമായി റദ്ദു ചെയ്തതുമായ റേഷൻകടകളുടെ പ്രവർത്തന ചുമതല സപ്ലൈക്കോയ്ക്ക് നൽകുന്നതിന് ഉടക്കമിട്ടു. മൾട്ടിലെവൽ മാർക്കറ്റിംഗ് രജിസ്ട്രേഷനുള്ള പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചു. 1966 – ലെ Kerala Rationing Order പരിഷ്കരിച്ച് Kerala

| | | | |
|---|---|---|---|
| | | | Targetted Public Distribution System (Control Order) 2021 പ്രസിദ്ധീകരിച്ചു. ആധാർ സീഡിംഗ് 96% ആവുകയും One Nation One Ration Card പദ്ധതി നടപ്പാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ വായ്പ എടുക്കുന്നതിനുള്ള പരിധി റിസർവ് ബാങ്ക് ഉയർത്തി നൽകി. അതിന്റെ ഫലമായി 2020-21 സാമ്പത്തിക വർഷം 2261 കോടി രൂപ അധിക വായ്പ എടുക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ച് നൽകുന്നതിനായി ആരംഭിച്ച സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | പട്ടിക വർഗ്ഗ മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്ന "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ 2018 ൽ ആരംഭിക്കുകയും തുടർന്ന് പാലക്കാട്, വയനാട്, തിരുവനന്തപുരം, എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു. ഇതിനായി 2020-21 സാമ്പത്തിക വർഷത്തിൽ 15 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുകയിൽ നിന്നും 12,52,432 രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നത് വഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ വിശപ്പുരഹിത കേരളം എന്ന പദ്ധതിക്ക് ഏതെല്ലാം ജില്ലകളിലാണ് തുടക്കമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | "വിശപ്പ് രഹിത കേരളം" പദ്ധതി 2017 ൽ ആലപ്പുഴ ജില്ലയിൽ ആരംഭിക്കുകയും തുടർന്ന് കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ കൂടി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കും. |

സെക്ഷൻ ഓഫീസർ